LIBRARY ARCHIVES Kerala Legislative Assembly

കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

64 (1049) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെയും 2019-ലെയും പ്രളയത്തിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

&

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്ക് ധനസഹായം

65(1050) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്കുള്ള ധനസഹായം വയനാട് ജില്ലയിൽ ഇനിയും നൽകാൻ ബാക്കിയുണ്ടോ എന്നറിയിക്കാമോ;

&

(ബി) ഉണ്ടെങ്കിൽ എത്ര രൂപ ഈ വകയിൽ ഇനിയും വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 01-4-2019 മുതൽ 31-5-2019 വരെ 2,22,17,639 രൂപയും 01-6-2019 മുതൽ 20-7-2021 വരെ AIMS പോർട്ടൽ പ്രകാരം 7,50,07,251 രൂപയുമാണ് ഇനി വിതരണം ചെയ്യാനുള്ളത്.

(സി) ഇത് അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2,22,17,639 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

വയനാട് ജില്ലയിൽ ഉണ്ടായ കൃഷിനാശം

66(1051) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വേനൽ മഴയിലും ടൗട്ടെ ചുഴലിക്കാറ്റിലും കൃഷിനാശം ഉണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

&